✎ ടി.കെ ഉബൈദ്



ഖുര്‍ആന്‍ ബോധനം

# 1195

# സൂറ – 43 / അസ്സുഖ്‌റുഫ്

## സൂക്തം: 32 – 35

ഇഛാശക്തിയും സര്‍ഗാത്മകതയും സ്വാതന്ത്ര്യവുമുള്ള സൃഷ്ടിയാണ് മനുഷ്യന്‍. അതുകൊണ്ട് തന്നെ അവന്‍ നാഗരിക ജീവിയാണ്. അന്വേഷണ വാസനയും വിവര ശേഖരണ ശേഷിയുമുള്ള അവന്ന് മറ്റു ജീവികള്‍ക്കറിയാത്ത പലതും അറിയാനും കണ്ടെത്താനും നിര്‍മിക്കാനും ഉപയോഗിക്കാനും കഴിയും. ഈ കഴിവുകള്‍ വിനിയോഗിച്ച് ഭൂമിയെ സംസ്‌കരിക്കുകയാണ് അവന്റെ ധര്‍മം.

أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ ۚ نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ فِي
ٱلْحَيَوٰةِ ٱلدُّنْيَا ۚ وَرَفَعْنَا بَعْضَهُمْ فَوْقَ بَعْضٍ دَرَجَٰتٍ لِّيَتَّخِذَ
بَعْضُهُم بَعْضًا سُخْرِيًّا ۗ وَرَحْمَتُ رَبِّكَ خَيْرٌ مِّمَّا يَجْمَعُونَ
﴿٣٢﴾

32. അവരാണെന്നോ, നിന്റെ നാഥന്റെ അനുഗ്രഹം വീതിച്ചു കൊടുക്കുന്നത്? നാം മാത്രമാകുന്നു ഭൗതിക ജീവിതത്തില്‍ അവരുടെ ജീവനോപാധികള്‍ വീതിച്ചു കൊടുക്കുന്നത്. നാം അവരെ പരസ്പരം പല പടികള്‍ ഉയര്‍ത്തുന്നു. അവര്‍ പരസ്പരം സേവകരാക്കാന്‍. എന്നാല്‍, നിന്റെ നാഥന്റെ അനുഗ്രഹമത്രെ ഈ ഭൗതികന്മാര്‍ സമാഹരിച്ചുകൊണ്ടിരിക്കുന്ന വിഭവങ്ങളെക്കാളെല്ലാം വിശിഷ്ടമായിട്ടുള്ളത്.

**32**

أَهُمْ = അവരാണെന്നോ? يَقْسِمُونَ = വീതിച്ചുകൊടുക്കുന്നത് رَحْمَتَ رَبِّكَ = നിന്റെ നാഥന്റെ അനുഗ്രഹം

نَحْنُ قَسَمْنَا = നാം മാത്രമാകുന്നു വീതിച്ചുകൊടുത്ത(ക്കുന്ന)ത് بَيْنَهُم = അവര്‍ക്കിടയില്‍

مَّعِيشَتَهُمْ = അവരുടെ ജീവനോപാധികള്‍ فِي الْحَيَاةِ الدُّنْيَا = ഭൗതിക ജീവിതത്തില്‍

وَرَفَعْنَا = നാം ഉയര്‍ത്തി (ത്തുന്നു, മികവേകുന്നു)

بَعْضَهُمْ فَوْقَ بَعْضٍ = ചിലരെ ചിലര്‍ക്കുമീതെ (പരസ്പരം) دَرَجَاتٍ = (പല) പടികള്‍

لِّيَتَّخِذَ بَعْضُهُم بَعْضًا سُخْرِيًّا = അവരില്‍ ചിലര്‍ ചിലരെ വിധേയനായി എടുക്കാന്‍ (പരസ്പരം സേവകരാക്കാന്‍)

وَرَحْمَتُ رَبِّكَ = (എന്നാല്‍) നിന്റെ നാഥന്റെ അനുഗ്രഹമത്രെ خَيْرٌ = വിശിഷ്ടമായിട്ടുള്ളത്

مِّمَّا يَجْمَعُونَ = അവര്‍ ശേഖരിക്കുന്നതിനെക്കാള്‍ (ഈ ഭൗതികന്മാര്‍ സമാഹരിച്ചുകൊണ്ടിരിക്കുന്ന വിഭവങ്ങളെക്കാളെല്ലാം)

أَهُمْ- അവരാണെന്നോ? എന്ന ചോദ്യം അത്ഭുതവും നിഷേധവും സൂചിപ്പിക്കുന്നതാണ്. മക്കയിലും ത്വാഇഫിലും ഞങ്ങളെപ്പോലുള്ള സമ്പന്നരും സ്ഥാനികളുമിരിക്കെ ദൈവം ഞങ്ങള്‍ക്കൊന്നും വേദമിറക്കാതെ, സമ്പത്തും സ്ഥാനമാനങ്ങളുമില്ലാത്ത ഈ മുഹമ്മദിന് അതിറക്കിയതെന്തുകൊണ്ട് എന്ന ഖുറൈശി പ്രമുഖരുടെ ചോദ്യത്തിനു മറുപടി പറയുകയാണ്. എന്താണിക്കൂട്ടരുടെ വിചാരം? അല്ലാഹുവിന്റെ അനുഗ്രഹങ്ങള്‍ വിതരണം ചെയ്യുന്നത് അവരാണെന്നോ? അല്ലാഹു അവന്റെ അനുഗ്രഹങ്ങള്‍ നല്‍കേണ്ടത് അവര്‍ നിശ്ചയിക്കുന്നവര്‍ക്കാണെന്നോ? ഇവിടെ رَحْمَت- അനുഗ്ര

ഹം- എന്നു പറഞ്ഞിരിക്കുന്നത് പ്രവാചകത്വത്തെയാണ്. അത് അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹവും കാരുണ്യവുമാണ്. ആത്മീയ ജീവിതത്തിന്റെ വിഭവങ്ങളും ഉപാധികളുമാണ് പ്രവാചകന്മാരിലൂടെയും വേദങ്ങളിലൂടെയും അവൻ നൽകുന്നത്. ഇത്തരം സവിശേഷമായ ആത്മീയോപാധികൾ മാത്രമല്ല; ഭൗതിക ജീവിതത്തിന്റെ സകലമാന ഉപാധികളും വിഭവങ്ങളും മനുഷ്യന് വിതരണം ചെയ്തുകൊണ്ടിരിക്കുന്നതും അല്ലാഹുവാണ്. عَيْش-ന്റെ പാഠഭേദമാണ് مَعِيشَة. രണ്ടു പദങ്ങളും മൗലികമായി ജീവിതമാണ്. ജീവിതോപാധി, ജീവിത മാർഗം, ജീവിത വിഭവം മുതലായ അർഥങ്ങളിലാണ് مَعِيشَة അധികവും ഉപയോഗിക്കാറുള്ളത്. ഇവിടെയും അതാണർഥം. അല്ലാഹു നൽകിയിട്ടുള്ളതല്ലാതെ മനുഷ്യരുടെ കൈവശം യാതൊന്നുമില്ല. സമ്പന്നന് വാരിക്കോരി കൊടുക്കുന്നതും ദരിദ്രന് നുള്ളിക്കൊടുക്കുന്നതും അവനാണ്.

وَإِن مِّن شَيْءٍ إِلَّا عِندَنَا خَزَائِنُهُ وَمَا نُنَزِّلُهُ إِلَّا بِقَدَرٍ مَّعْلُومٍ ﴿٢١﴾

(സകല സംഗതികളുടെയും ഖജനാവ് നമ്മുടെ പക്കൽ മാത്രമാകുന്നു. നിശ്ചിതമായ ഒരു പരിമാണത്തിലല്ലാതെ നാം അത് ഇറക്കിക്കൊണ്ടിരിക്കുന്നില്ല -15:21).

الله يبسط الرّزق ويقدر (അല്ലാഹുവാണ് വിഭവങ്ങൾ വിപുലീകരിച്ചും ചുരുക്കിയും കൊടുത്തുകൊണ്ടിരിക്കുന്നത്) എന്ന് ഖുർആൻ പലതവണ ആവർത്തിക്കുന്നുണ്ട്.

ജീവജാലങ്ങൾക്ക് ഈ വിധം വിഭവങ്ങൾ കൂട്ടിയും കുറച്ചും കൊടുക്കുന്നത് പ്രാപഞ്ചിക വ്യവസ്ഥയുടെയും പ്രപഞ്ചത്തിന്റെ നിലവിലുള്ള നിലനിൽപിന്റെയും ഭാഗമാകുന്നു. എല്ലാ മനുഷ്യരും ഒരുപോലെ വിഭവ സമൃദ്ധരായാൽ ആർക്കും ആരുമായും സഹകരിക്കുകയോ ആശ്രയിക്കുകയോ ചെയ്യേണ്ടതില്ലാത്ത അവസ്ഥയാകും. ഓരോരുത്തരും സ്വയം ദൈവങ്ങളാവുകയും മേധാവിത്വത്തിനുവേണ്ടി പരസ്പരം സംഘട്ടനത്തിലേർപ്പെടുകയും ചെയ്യും. وَلَوْ بَسَطَ اللَّهُ الرِّزْقَ لِعِبَادِهِ لَبَغَوْا فِي الْأَرْضِ (അല്ലാഹു അവന്റെ എല്ലാ അടിമകൾക്കും വിഭവം വിപുലീകരിച്ചുകൊടുത്തിരുന്നുവെങ്കിൽ തീർച്ചയായും അവർ ഭൂമിയിൽ അതിക്രമമനുവർത്തിക്കും -42:27). അടുത്ത സൂക്തത്തിലും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

ഇഛാശക്തിയും സർഗാത്മകതയും സ്വാതന്ത്ര്യവുമുള്ള സൃഷ്ടിയാണ് മനുഷ്യൻ. അതുകൊണ്ട് തന്നെ അവൻ നാഗരിക ജീവിയാണ്. അന്വേഷണ വാസനയും വിവര ശേഖരണ ശേഷിയുമുള്ള അവന്ന് മറ്റു ജീവികൾക്കറിയാത്ത പലതും അറിയാനും കണ്ടെത്താനും നിർമിക്കാനും ഉപയോഗിക്കാനും കഴിയും. ഈ കഴിവുകൾ വിനിയോഗിച്ച് ഭൂമിയെ സംസ്കരിക്കുകയാണ് അവന്റെ ധർമം. മനുഷ്യനു വേണ്ടതൊക്കെയും അവന് അയത്ന ലഭ്യമാണെങ്കിൽ അവന്റെ കഴിവുകളും യോഗ്യതകളുമെല്ലാം അപ്രസക്തവും അനാവശ്യവുമാകുന്നു. യോഗ്യതകളും കഴിവുകളും, പ്രസക്തവും പ്രായോഗികമാവുന്ന ജീവിത പരിസരം സൃഷ്ടിച്ചിരിക്കുകയാണ് അല്ലാഹു. സ്വപ്രയത്നത്തിലൂടെ അവൻ ആത്മീയമായും ഭൗതികമായും പുരോഗമിക്കുകയാണതിന്റെ ലക്ഷ്യം. വിഭവശേഷിയും ബുദ്ധിശക്തിയും സർഗാത്മകതയും കായബലവുമെല്ലാം വൈവിധ്യത്തോടെയും ഏറ്റക്കുറവുകളോടെയുമാണ് മനുഷ്യർക്കിടയിൽ വിതരണം ചെയ്തിരിക്കുന്നത്. ഈ വൈവിധ്യവും ഏറ്റക്കുറവുകളും അവരെ പരസ്പരം സഹകരിക്കാനും സഹായിക്കാനും നിർബന്ധിതരാക്കുന്നു. വൈവിധ്യവും ഏറ്റക്കുറവുമുണ്ടാകുമ്പോൾ ചില കാര്യങ്ങളിൽ ചിലർ മറ്റുള്ളവരുടെ മുകളിലാവുക അനിവാര്യമാകുന്നു. സാമ്പത്തിക രംഗത്ത് ധനികൻ ദരിദ്രന്റെ മുകളിലാണ്. ധനികൻ രോഗിയും ദരിദ്രൻ ആരോഗ്യവാനുമാണെങ്കിൽ അക്കാര്യത്തിൽ അയാൾ ധനികന്റെ മുകളിലാകുന്നു. പണ്ഡിതന് പാമരനെക്കാൾ ഉയർന്ന പദവിയുണ്ട്. അധ്വാനശേഷിയിൽ പാമരൻ പണ്ഡിതന്റെ മുകളിലായിരിക്കും. നേതാവ് നീതന്റെയും രാജാവ് പ്രജയുടെയും മുകളിലാണ്. പക്ഷേ, നീതരുണ്ടെങ്കിലേ നേതാവുള്ളൂ. പ്രജകളുണ്ടെങ്കിലേ രാജാവുള്ളൂ. ഈ നിമ്നോന്നതി ചിലർക്ക് ചിലരുടെ വിധേയത്വം അനിവാര്യമാക്കുന്നു. വിധേയത്വം മേധാവിത്വത്തെയും അനിവാര്യമാക്കുന്നു. ഇതിനർഥം പ്രകൃതി ചിലരെ അടിമകളും ചിലരെ ഉടമകളുമാക്കിയിരിക്കുന്നു എന്നോ മനുഷ്യരെ അടിമകളും ഉടമകളുമാക്കുന്നതിനുവേണ്ടി ചിലരെ ഉന്നതരും ചിലരെ അധമരുമാക്കിയിരിക്കുന്നു എന്നോ അല്ല:

وَرَفَعْنَا بَعْضَهُمْ فَوْقَ بَعْضٍ دَرَجَاتٍ لِّيَتَّخِذَ بَعْضُهُم بَعْضًا سُخْرِيًّا

'അവർ പരസ്പരം സേവകരാക്കാൻ നാം അവരെ പരസ്പരം പല പടികൾ ഉയർത്തിയിരിക്കുന്നു' എന്നാണ്. അവരിലുള്ള പണ്ഡിതന്മാരെ അല്ലെങ്കിൽ സമ്പന്നന്മാരെ, അല്ലെങ്കിൽ അധികാരികളെ, നേതാക്കളെ ഉയർത്തി എന്നല്ല പറഞ്ഞിരിക്കുന്നത്. ഉയർച്ചയും പരസ്പര സേവനവും എല്ലാവർക്കും ഉള്ളതാണ്. അതു വ്യത്യസ്ത മേഖലകളിലായിരിക്കും. ചിലരുടെ ഔന്നത്യം ഏറെ തിരിച്ചറിയപ്പെടുകയും മാനിക്കപ്പെടുകയും ചെയ്യുന്നു. തൊഴിലാളിയുടെ സേവനം സ്വീകരിച്ച് സമ്പന്നനായ മുതലാളിയുടെ ഔന്നത്യം എല്ലാവരും എളുപ്പം മനസ്സിലാക്കുകയും മാനിക്കുകയും ചെയ്യുന്നു. എന്നാൽ അയാൾക്കുവേണ്ടി പണിയെടുത്ത തൊഴിലാളിയുടെ, അധ്വാനശേഷിയിലും തൊഴിൽ നൈപുണിയിലുമുള്ള ഔന്നത്യം തിരിച്ചറിയപ്പെടുകയോ മാനിക്കപ്പെടുകയോ ചെയ്യുന്നില്ല. മാനിക്കപ്പെട്ടാലും ഇല്ലെങ്കിലും ഔന്നത്യം ഔന്നത്യം തന്നെയാണ്. സമ്പത്തിൽ അയാളാണ് മുകളിലെങ്കിൽ ഈ യോഗ്യതകളിൽ തൊഴിലാളി അയാൾക്കു മുകളിലാണ്. വാസ്തവത്തിൽ ആരും ആരുടെയും മീതെയല്ല. താഴെയുമല്ല. ഓരോരുത്തർക്കും അവരവരുടേതായ ഇടമുണ്ട്. ഈ ഇടങ്ങൾ സംഗമിക്കുകയും സമരസപ്പെടുകയും ചെയ്യുമ്പോഴാണ് നാഗരികത വികാസം പ്രാപിക്കുന്നത്. മനുഷ്യരെ ഗോത്രങ്ങളും സമുദായങ്ങളുമായി സംഘടിപ്പിക്കുന്നതും ഈ സംഗമവും സമരസപ്പെടലുമാണ്.

سُخْرِي-ന് سِخْرِي എന്നും പാഠമുണ്ട്. പ്രചാരത്തിലുള്ള പാഠം سُخْرِي ആണ്. സേവിക്കാൻ വിധിക്കപ്പെട്ടതാണ് سُخْرِي-ഉം سِخْرِي-ഉം. പരിഹാസ്യമായത് എന്ന മറ്റൊരർഥവുമുണ്ട്. ഇവിടെ ഉദ്ദേശ്യം, സേവകനാണെന്ന് ഭൂരിപക്ഷം വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു. വിധേയമാക്കലും സേവനത്തിന് ഏർപ്പെടുത്തലുമായ تَسْخِير-ൽ നിന്നുള്ള കർമവാചിയാണിത്. سخْري ആവാൻ അടിമയോ ചൊൽപ്പടിക്കു നിൽക്കുന്ന കീഴാളനോ ആകണമെന്നില്ല. അപരന്ന് പ്രയോജനകരമായ രീതിയിൽ നിലകൊള്ളുന്നതെന്തും سخْري ആണ്. ഈയർഥത്തിൽ സൂര്യചന്ദ്രന്മാരെയും- രാപ്പകലുകളെയും - سَخَّرَ لَكُمُ اللَّيْلَ وَالنَّهَارَ وَالشَّمْسَ وَالْقَمَرَ (16:12)- നദികളെയും - وَسَخَّرَ لَكُمُ الْأَنْهَارَ (14:32)- സമുദ്രങ്ങളെയും - سَخَّرَ الْبَحْرَ لِتَأْكُلُوا مِنْهُ لَحْمًا طَرِيًّا (16:14)- അല്ലാഹു മനുഷ്യർക്ക് വിധേയമാക്കിത്തന്നു എന്ന് ഖുർആൻ പറയുന്നുണ്ട്. അതുപോലെ കഴിവുകളിലും യോഗ്യതകളിലും മനുഷ്യർക്കിടയിലുള്ള വൈവിധ്യത്തെയും ഏറ്റക്കുറവിനെയും പരസ്പര പ്രയോജനത്തിന് വിധേയമാക്കുകയാണ് لِّيَتَّخِذَ بَعْضُهُم بَعْضًا سُخْرِيًّا എന്ന വാക്യത്തിന്റെ താൽപര്യം. سُخْرِيًّا എന്നതിലെ ياء സംബന്ധ

സൂചകം (نسب) ആണ്.

سَخِرَ-ക്ക് പരിഹസിച്ചു എന്ന അർഥമുണ്ട്. ഖുർആൻ ഈ അർഥത്തിൽ سخر-യും سخريا-ഉം ഉപയോഗിച്ചിരിക്കുന്നു. ഉദാഹരണമായി, നൂഹ് നബിയുടെ കപ്പൽ നിർമാണത്തെ പരിഹസിച്ച നാട്ടുകാരെപ്പറ്റി പറഞ്ഞു: كُلَّمَا مَرَّ عَلَيْهِ مَلَأٌ مِّن قَوْمِهِ سَخِرُوا مِنْهُ(സമുദായ നേതാക്കൾ അതുവഴി കടന്നുപോകുമ്പോഴൊക്കെ അതിനെ പരിഹസിച്ചുകൊണ്ടിരുന്നു -11:38). فَاتَّخَذْتُمُوهُمْ سِخْرِيًّا (അപ്പോൾ നിങ്ങൾ അവരെ പരിഹാസ പാത്രമാക്കി -23:110). ചില പണ്ഡിതന്മാർ ഈ അർഥത്തിലും സൂക്തത്തെ വ്യാഖ്യാനിച്ചിട്ടുള്ളതായി ഖുർത്വുബി പ്രസ്താവിച്ചിരിക്കുന്നു. അപ്പോൾ ആളുകളിൽ ചിലർ ചിലരെ പരിഹസിക്കുന്നതിനുവേണ്ടി അവരെ ഉയർന്നവരും താഴ്ന്നവരുമാക്കി എന്നല്ലേ വരിക എന്ന ചോദ്യത്തിന് അവരുടെ മറുപടി ഇതാണ്: لِّيَتَّخِذَ-യിലെ ل ശബ്ദം ലക്ഷ്യ സൂചകമല്ല, ഫലസൂചകമാണ്. അതായത്, അങ്ങനെ ചിലർ ഉയർന്ന പദവിയുള്ളവരും ചിലർ താഴ്ന്ന പദവിയുള്ളവരുമായതിന്റെ ഫലമായി ഉയർന്നവർക്കു താഴ്ന്നവരെ പരിഹാസ പാത്രമാക്കാൻ കഴിയുന്നു എന്നാണ് താൽപര്യം. പദം ദ്വയാർഥമുള്ളതും ഖുർആൻ രണ്ടർഥത്തിലും ഉപയോഗിച്ചിട്ടുള്ളതുമായതിനാൽ രണ്ടർഥവും ഉദ്ദേശ്യമാകാമെന്നാണ് ചിലരുടെ വീക്ഷണം. ഖതാദ, ദഹ്ഹാക്ക്, ഇബ്നുസൈദ്, സുദ്ദി, ഇബ്നു അത്വിയ്യ തുടങ്ങിയ പൂർവ സൂരികളെല്ലാം സ്വീകരിച്ചിട്ടുള്ളത് ആദ്യം സൂചിപ്പിച്ച അർഥകൽപനയും വ്യാഖ്യാനവുമാകുന്നു. ഈ സൂക്തത്തിൽ سخريّ-ന് പരിഹാസം എന്ന് അർഥം കൽപിക്കുന്നതിന് യാതൊരൗചിത്യവുമില്ലെന്നും ഇബ്നു അത്വിയ്യ പ്രസ്താവിച്ചിരിക്കുന്നു.

وَرَحْمَتُ رَبِّكَ ..... എന്ന പിൻവാക്യത്തിന്റെ താൽപര്യമിതാണ്. ജനം പൊതുവിൽ, വിശേഷിച്ചും ഖുറൈശി മൂപ്പന്മാർ കരുതുന്നത് അവർ സമ്പാദിച്ചുകൂട്ടിയ സമ്പത്തും സ്ഥാനമാനങ്ങളുമാണ് ജീവിതത്തിന്റെ ഏറ്റവും വിപുലവും മഹത്തരവുമായ നേട്ടങ്ങൾ എന്നാണ്. എന്നാൽ, അല്ലാഹുവിങ്കൽ അതിനൊന്നും ഒരു വിലയുമില്ല. ഭൗതികമാത്രമായ സകല നേട്ടങ്ങളെക്കാളും ഇഹത്തിലും പരത്തിലും മഹനീയവും ഫലപ്രദവുമായിട്ടുള്ളത് അല്ലാഹുവിന്റെ സവിശേഷ അനുഗ്രഹമാകുന്ന സന്മാർഗ പാഠങ്ങൾ, അഥവാ ഈ പ്രവാചകനും അദ്ദേഹം പ്രബോധനം ചെയ്യുന്ന വേദപ്രമാണങ്ങളുമാണ്. അല്ലാഹുവിങ്കലെത്തുമ്പോൾ നിങ്ങളോടൊപ്പമുണ്ടാവുക ഈ പ്രവാചകനും, അദ്ദേഹം പ്രബോധനം ചെയ്ത ദൈവിക സന്ദേശത്തോട് നിങ്ങൾ സ്വീകരിച്ച സൃഷ്ടിപരമായ സമീപനവും അതിന്റെ നേട്ടങ്ങളും മാത്രമായിരിക്കും. ●

---

وَلَوْلَآ أَن يَكُونَ ٱلنَّاسُ أُمَّةً وَٰحِدَةً لَّجَعَلْنَا لِمَن يَكْفُرُ بِٱلرَّحْمَٰنِ لِبُيُوتِهِمْ سُقُفًا مِّن فِضَّةٍ وَمَعَارِجَ عَلَيْهَا يَظْهَرُونَ ﴿٣٣﴾

33. ജനമൊക്കെയും സന്മാർഗഭ്രഷ്ടരായ ഒറ്റ സമുദായമാകുമായിരുന്നില്ലെങ്കിൽ കരുണാമയനായ അല്ലാഹുവിനെ നിഷേധിക്കുന്നവരുടെ വീടുകൾക്ക് നാം വെള്ളിയാലും സ്വർണത്താലുമുള്ള മേൽത്തട്ടുകളും അതിലേക്കു കയറിപ്പോകുന്ന ഗോവണികളും ഉണ്ടാക്കിക്കൊടുക്കുമായിരുന്നു.

وَلِبُيُوتِهِمْ أَبْوَٰبًا وَسُرُرًا عَلَيْهَا يَتَّكِـُٔونَ ﴿٣٤﴾

34. ആ വീടുകൾക്ക് വെള്ളികൊണ്ടും സ്വർണം കൊണ്ടുമുള്ള വാതിലുകളും അവർക്കു ചാരിക്കിടക്കാൻ മഞ്ചങ്ങളും ഉണ്ടാക്കിക്കൊടുക്കുമായിരുന്നു.

وَزُخْرُفًا ۚ وَإِن كُلُّ ذَٰلِكَ لَمَّا مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۚ وَٱلْـَٔاخِرَةُ عِندَ رَبِّكَ لِلْمُتَّقِينَ ﴿٣٥﴾

35. ബഹുവിധ ആർഭാടങ്ങൾ വേറെയും. എന്നാൽ, ഇതൊക്കെയും ഭൗതിക ജീവിതത്തിന്റെ വിഭവങ്ങൾ മാത്രമാകുന്നു. പരലോകസൗഭാഗ്യമാകട്ടെ, നിന്റെ നാഥങ്കൽ ദൈവഭക്തന്മാർക്ക് മാത്രമുള്ളതാകുന്നു.

**33-35**

وَلَوْلَا أَن يَكُونَ النَّاسُ = ജനം(ഒക്കെയും) ആകുമായിരുന്നില്ലെങ്കിൽ

أُمَّةً وَاحِدَةً = (സന്മാർഗ ഭ്രഷ്ടരായ) ഒറ്റ സമുദായം لَّجَعَلْنَا = നാം ഉണ്ടാക്കിക്കൊടുക്കുക തന്നെ ചെയ്യുമായിരുന്നു

لِمَن يَكْفُرُ بِالرَّحْمَٰنِ = കരുണാമയനെ (നായ അല്ലാഹുവിനെ) നിഷേധിക്കുന്നവർക്ക്

لِبُيُوتِهِمْ = അവരുടെ വീടുകൾക്ക് سُقُفًا = മേൽത്തട്ടുകൾ مِّن فِضَّةٍ = വെള്ളിയാലുള്ള وَمَعَارِجَ = ഗോവണികളും

عَلَيْهَا يَظْهَرُونَ = അതിന്മേൽ അവർ കയറുന്ന (അതിലേക്കു കയറിപ്പോകുന്ന) وَلِبُيُوتِهِمْ = അവരുടെ (ആ) വീടുകൾക്ക്

أَبْوَابًا وَسُرُرًا = സ്വർണംകൊണ്ടും വെള്ളികൊണ്ടുമുള്ള വാതിലുകളും മഞ്ചങ്ങളും (ഉണ്ടാക്കിക്കൊടുക്കുമായിരുന്നു)

عَلَيْهَا يَتَّكِئُونَ = അതിന്മേൽ അവർ ചാരിക്കിടക്കുന്ന (അവർക്കു ചാരിക്കിടക്കാൻ)

وَزُخْرُفًا = സ്വർണവും, അലങ്കാരവും (ബഹുവിധ ആർഭാടങ്ങൾ വേറെയും)

وَإِن كُلُّ ذَٰلِكَ لَمَّا مَتَاعُ الْحَيَاةِ الدُّنْيَا = (എന്നാൽ) ഇതൊക്കെയും ഭൗതിക ജീവിതത്തിന്റെ വിഭവങ്ങൾ അല്ലാതെയല്ല (മാത്രമാകുന്നു)

وَالْآخِرَةُ = പരലോകം (ക സൗഭാഗ്യം ആകട്ടെ) عِندَ رَبِّكَ = നിന്റെ നാഥങ്കൽ

لِلْمُتَّقِينَ = മുത്തഖികൾക്ക് -ദൈവഭക്തന്മാർക്ക്- (മാത്രം) ഉള്ളതാകുന്നു

ജനം ജീവിതത്തിന്റെ മഹാവിജയവും സൗഭാഗ്യവുമായി കരുതുന്ന ഭൗതിക ഭോഗസമൃദ്ധിയുടെ ക്ഷണികതയും ക്ഷുദ്രതയും ഒന്നുകൂടി വ്യക്തമാക്കുകയാണ്. ഭൗതികമായ സമൃദ്ധി ഒരിക്കലും മഹത്വത്തിന്റെയും ജീവിത വിജയത്തിന്റെയും മാനദണ്ഡമല്ല. അതല്ലാഹു ശിഷ്ട ജനത്തിനെന്നപോലെ, എന്നല്ല അതിലധികം ദുഷ്ട ജനങ്ങൾക്കും അത് പ്രദാനം ചെയ്യും. ചിലർ സമ്പന്നരായിത്തീരുന്നതുതന്നെ ദുഷ്ടത കൊണ്ടാണ്. ശതകോടികൾ കടമെടുത്ത് ബാങ്കുകളെ പറ്റിച്ച് വിദേശങ്ങളിലേക്ക് മുങ്ങുന്ന എത്രയോ വൻകിടക്കാർ നമ്മുടെ നാട്ടിലുണ്ട്. ബാങ്കുകളെയും സമൂഹത്തെയും വഞ്ചിച്ച് നാട്ടിൽ തന്നെ വ്യവസായ-വ്യാപാര ഭീമന്മാരായി വിലസുന്നവരും നിരവധിയാണ്. കരുണാവാരിധിയായ അല്ലാഹുവിനെ നിഷേധിച്ചു വാഴുന്നവർക്ക് എങ്ങനെ വേണമെങ്കിലും പണമുണ്ടാക്കാം. പക്ഷേ, എല്ലാവരെയും അവരാഗ്രഹിക്കുന്നതുപോലെ സമ്പന്നരാകാൻ അല്ലാഹു അനുവദിക്കുന്നില്ല. അതിന്റെ രണ്ടു കാരണങ്ങൾ 32-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ ഉദ്ധരിച്ചിട്ടുള്ള 15:21, 42:12 സൂക്തങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. മൂന്നാമതൊരു കാരണവും കൂടി പറയുകയാണിവിടെ.

സ്വന്തം സമൃദ്ധിയിൽ നിഗളിക്കുന്ന ഈ മുശ്രിക്കുകൾക്കു മാത്രമല്ല, എല്ലാ സത്യനിഷേധികൾക്കും യഥേഷ്ടം സമ്പത്തും സൗഭാഗ്യങ്ങളുമേകാൻ അല്ലാഹുവിന് ഒരു വിഷമവുമില്ല. അവനു വേണമെങ്കിൽ അവരുടെ വസതികളുടെ മേൽത്തട്ടുകളും അതിലേക്ക് കയറാനുള്ള ഗോവണികളും മുറികളുടെ വാതിലുകളും അതിനകത്തെ ഫർണിച്ചറുകളുമെല്ലാം വെള്ളികൊണ്ടും സ്വർണം കൊണ്ടും ആക്കിക്കൊടുക്കാമായിരുന്നു. അവൻ അങ്ങനെ ചെയ്യാതിരുന്നത്, അതു കാണുന്ന സാമാന്യജനം ഈ ഭൗതികന്മാർ കൈക്കൊണ്ടിട്ടുള്ള നിലപാടുകളും നടപടികളുമാണ് ശരിയായിട്ടുള്ളതെന്ന് തെറ്റിദ്ധരിക്കാനും അവരെ അനുകരിക്കാനും ഇടയാകുമെന്നതുകൊണ്ടാണ്. അങ്ങനെയായാൽ മനുഷ്യരാസകലം ദൈവനിഷേധത്തിന്റെയും ബഹുദൈവ വിശ്വാസത്തിന്റെയും കുഫ്റിന്റെയും സംസ്കാരം കൈക്കൊള്ളുമായിരുന്നു. അതുകൊണ്ട് ന്യായമായ രീതിയിൽ സമ്പത്ത് ശേഖരിക്കാനും സുഖഭോഗങ്ങളനുഭവിക്കാനുമുള്ള അവകാശവും അനുവാദവും, അവർ ദുഷ്ടരെന്നോ ശിഷ്ടരെന്നോ, വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യർക്കും നൽകിയിരിക്കുന്നു. അല്ലാഹുവിൽ വിശ്വാസവും (ഈമാൻ) ദൈവഭയവും (തഖ്‌വ) ഇല്ലാത്തവർ നീതിന്യായങ്ങൾ പരിഗണിക്കാതെ ഏറെ സമ്പാദിക്കുന്നു. അതുകണ്ട് അവരുടേതാണ് വിശിഷ്ടവും അനുകരണീയവുമായ ജീവിതരീതിയെന്ന് ചിലപ്പോൾ ചില വിശ്വാസികൾ പോലും ഭ്രമിച്ചുപോകുന്നു. ആ സ്ഥിതിക്ക് എല്ലാ അവിശ്വാസികളും വൻകിട സാമ്പത്തിക ശക്തികളും സുഖലോലുപരുമാണെങ്കിൽ അവസ്ഥ എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. പാശ്ചാത്യൻ സമൂഹങ്ങളുടെ സാമ്പത്തിക വികാസത്തോടും സംസ്കാരത്തോടും ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ പടർന്നുപിടിച്ചിട്ടുള്ള അനുരാഗാത്മക ഭ്രമത്തിന്റെ മർമം ഇവിടെ കാണാവുന്നതാണ്. ഇപ്പറഞ്ഞ കനകക്കൊട്ടാരങ്ങളും സ്വർണംകൊണ്ടും വെള്ളികൊണ്ടുമുള്ള പാത്രങ്ങളും ഫർണിച്ചറുകളും മേത്തരം കാറുകളും വിമാനങ്ങളും ശതകോടികളുടെ ബാങ്ക് ബാലൻസും മറ്റാർഭാടങ്ങളുമെല്ലാം തന്നെ ക്ഷണികമായ ഭൗതിക ജീവിതത്തിന്റെ വിഭവങ്ങൾ മാത്രമാണ്. ശാശ്വതമായ പാരത്രിക ജീവിതത്തിൽ അതുകൊണ്ടൊന്നും ഒരു പ്രയോജനവുമില്ല. പരലോക വിജയവും സുഖസൗഭാഗ്യ ജീവിതവും അല്ലാഹുവിൽ വിശ്വസിച്ച് അവന്റെ വിധിവിലക്കുകൾ പാലിച്ചു ജീവിച്ച ദൈവഭക്തന്മാർ -മുത്തഖികൾ- ക്കു മാത്രമുള്ളതാകുന്നു. നേരത്തെ 3:14-ൽ ഈ ആശയം ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നു.

زُيِّنَ لِلنَّاسِ حُبُّ الشَّهَوَاتِ مِنَ النِّسَاءِ وَالْبَنِينَ وَالْقَنَاطِيرِ الْمُقَنطَرَةِ مِنَ الذَّهَبِ وَالْفِضَّةِ وَالْخَيْلِ الْمُسَوَّمَةِ وَالْأَنْعَامِ وَالْحَرْثِ ۗ ذَٰلِكَ مَتَاعُ الْحَيَاةِ الدُّنْيَا ۖ وَاللَّهُ عِندَهُ حُسْنُ الْمَآبِ ﴿١٤﴾

(സ്ത്രീകൾ, സന്തതികൾ, സ്വർണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കാലികൾ, കൃഷിയിടങ്ങൾ തുടങ്ങിയവയോടുള്ള മോഹം മനുഷ്യർക്ക് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഇതൊക്കെയും ക്ഷണികമായ ഭൗതിക ജീവിതത്തിനുള്ള വിഭവങ്ങളാകുന്നു. അല്ലാഹുവിങ്കലുള്ളതത്രെ ഏറ്റം ഉത്കൃഷ്ടമായ പാർപ്പിടം).

മൂലത്തിലെ سُقُف-ന്റെ ഏകവചനം سَقْف ആണ്. കെട്ടിടത്തിന്റെ മേൽപുരയും മുകൾത്തട്ടുമാണ് سَقف. ഇവിടെ سقف ലേക്ക് കയറാനുള്ള ഗോവണി പരാമർശിച്ചിട്ടുള്ളതുകൊണ്ട് മുകൾ നിലകളാണുദ്ദേശ്യമെന്നു വ്യക്തമാകുന്നു. سرير-ന്റെ ബഹുവചനമാണ് سرر. ബെഞ്ചിനും സോഫക്കും കട്ടിലിനുമെല്ലാം سرير എന്നു പറയും. ഇവിടെ عَلَيْهَا يَتَّكِئُونَ എന്നുകൂടി പറഞ്ഞിട്ടുള്ളതിനാൽ ചാരുമഞ്ചങ്ങളാണ്. വീട്ടുപകരണങ്ങൾ മൊത്തത്തിൽ അത്യാഡംബരപൂർണമാക്കാം എന്നു സൂചിപ്പിക്കുകയാണ്. അലങ്കാരവും സൗന്ദര്യവുമാണ് زخرف. ഏറ്റം പ്രചുരവും വിലിപിടിപ്പുള്ളതുമായ അലങ്കാരോപാധി എന്ന അടിസ്ഥാനത്തിൽ സ്വർണം എന്ന പ്രയോഗാർഥമുണ്ട്. ഖുർആൻ രണ്ടർഥത്തിലും ഉപയോഗിച്ചതായി കാണാം. ഉദാ: زُخْرُفَ الْقَوْلِ غُرُورًا (വഞ്ചനാത്മകമായ സുന്ദരവചനങ്ങൾ -6:112). أَوْ يَكُونَ لَكَ بَيْتٌ مِّن زُخْرُفٍ (അല്ലെങ്കിൽ നിനക്കൊരു കനകക്കൊട്ടാരമുണ്ടാകട്ടെ -17:93). ഇവിടെ രണ്ടർഥവും സംഗതമാകുന്നു. زخرف-നെ سُقُفًا مِّن فِضَّةٍ-മായി ബന്ധിപ്പിക്കുമ്പോൾ അവരുടെ വീടുകൾക്ക് വെള്ളിയാലും സ്വർണത്താലുമുള്ള മേൽപുരകളും മറ്റു ഭാഗങ്ങളും ഉണ്ടാക്കിക്കൊടുക്കാം എന്നാകും ആശയം. زخرف-നെ സ്വതന്ത്ര പദമായി എടുത്തുകൊണ്ട് ബഹുവിധ അലങ്കാരങ്ങൾ- ആർഭാടങ്ങൾ വേറെയും' എന്നും അർഥം കൽപിക്കപ്പെട്ടിരിക്കുന്നു. ഈ അർഥങ്ങളുടെ സാരാംശം ഒന്നുതന്നെയാണ്. وَإِن كُلُّ ذَٰلِكَ لَمَّا-യിലെ ان -നെ നിഷേധാർഥത്തിലെടുത്തും ഉറപ്പിക്കലിന്റെ إِنَّ-യുടെ ലഘുരൂപമായി എടുത്തും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ان നിഷേധാർഥത്തിലുള്ളതാണെന്നു വച്ചാൽ ശേഷം പറയുന്ന لَمَّا ഉപയോഗിച്ചിരിക്കുന്നത് إلّا (ഒഴികെ, അല്ലാതെ) എന്ന അർഥത്തിലാണ്. ഇതൊക്കെയും ഭൗതിക വിഭവങ്ങളല്ലാതെ ഒന്നുമല്ല എന്നു സാരം. ان ദൃഢീകരിക്കുന്ന انّ-യുടെ ലഘൂകരണമാണെന്നു വെച്ചാൽ لما -യിലെ لام ഇന്നയിൽനിന്നുള്ള ان-നെയും നിഷേധാർഥത്തിലുള്ള ان-നെയും തമ്മിൽ വേർതിരിക്കുന്ന അടയാളമാണ്. ما 'കുല്ലു ദാലിക'യെ ഊന്നുന്ന -توكيد- അധിക ശബ്ദവും (زائد) തീർച്ചയായും ഇതൊക്കെയും ഭൗതിക വിഭവങ്ങൾ തന്നെയാകുന്നു എന്നു സാരം. രണ്ടിന്റെയും സാരം ഒന്നുതന്നെയാണ്. ●